LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക ബാങ്ക്

68 (1104) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക ബാങ്ക് രൂപീകരണവും തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് 2014-15 വർഷത്തിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ബി) മാനദണ്ഡ പ്രകാരം എത്ര അദ്ധ്യാപകരെ ബാങ്കിലേയ്ക്ക് മാറ്റേണ്ടി വരുമെന്നതിന്റെ കണക്കും മുൻ വർഷങ്ങളിലെ എത്ര അദ്ധ്യാപകർ ബാങ്കിൽ ശേഷിക്കുന്നുണ്ട് എന്നതിന്റെ കണക്കും വെളിപ്പെടുത്തുമോ ;

(സി) ബാങ്കിൽ ഉൾപ്പെടുത്തുന്ന അദ്ധ്യാപകരുടെ വിന്യാസം സംബന്ധിച്ച നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15-ലെ തസ്തികനിർണ്ണയവും അദ്ധ്യാപകരുടെ പുനർവിന്യാസവും സംബന്ധിച്ച മാനദണ്ഡം വ്യക്തമാക്കുന്ന 23-12-2004-ലെ സ.ഉ.(പി) 278/14/പൊ.വി.വ.-യുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ജി.ഒ.(പി) 278/14/പൊ.വി.വ. ഉത്തരവുപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുമ്പ് തന്നെ 15-1-2015-ന് WP(c) 30107/13 നമ്പർ കേസിലെ ഹൈക്കോടതി വിധിയിലൂടെ അദ്ധ്യാപക പാക്കേജും ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുകയാണ്. അതിനാൽ മേൽ മാനദണ്ഡങ്ങൾക്കനുസരിച്ച് ബാങ്കിലേയ്ക്ക് ഉൾപ്പെടുത്തുന്നവരുടെ കണക്കുകളും മറ്റ് വിശദാംശങ്ങളും നിലവിൽ ലഭ്യമല്ല

ഏകാദ്ധ്യാപക വിദ്യാ വോളന്റിയർമാരുടെ വേതന വർദ്ധനവ്

69 (1105) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ വിദ്യാ വോളന്റിയർമാരായി ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്